(സി) സാങ്കേതിക വിദ്യ പുരോഗമിക്കുന്നതിനനുസൃതമായി പൊതുമേഖലാ സ്ഥാപനങ്ങളിൽ അവ പ്രാവർത്തികമാക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെ ആധുനികവത്ക്കരിക്കുന്നതിന്റെ ഭാഗമായി നൂതന സാങ്കേതിക വിദ്യ അടിസ്ഥാന മാക്കിയുള്ള പദ്ധതികളാണ് നടപ്പിലാക്കിവരുന്നത്.

(ബി) സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക പരിമിതിയും പദ്ധതികൾക്ക് ആവശ്യമായ സാമ്പത്തിക സഹായം അനുവദിക്കുന്നതിൽ ധനകാര്യ സ്ഥാപനങ്ങൾ സ്വീകരിക്കുന്ന വിമുഖതയും ഇത്തരം പദ്ധതികളുടെ സമയബന്ധിതമായ പൂർത്തീകരണത്തെ ബാധിക്കാറുണ്ട്.

(സി) സാങ്കേതികവിദ്യ പുരോഗമിക്കുന്നതിനനുസൃതമായി പൊതുമേഖലാ സ്ഥാപനങ്ങളിൽ നടപ്പിലാക്കേണ്ട ആധുനികവത്ക്കരണ പദ്ധതികളുടെ വിശദമായ പദ്ധതിരേഖ കമ്പനി ബോർഡിന്റെയും സർക്കാരിന്റെയും അനുമതിയോടുകൂടിയാണ് നടപ്പിലാക്കുന്നത്.

ചില്ലറ വിപണന രംഗത്തെ വിദേശ നിക്ഷേപം

173(T*2162) ശ്രീ. ഇ. പി. ജയരാജൻ :
പ്രൊഫ. സി. രവീന്ദ്രനാഥ് :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ചില്ലറ വിപണന രംഗത്തെ വിദേശ നിക്ഷേപം സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ ;

(ബി) മുൻ കേന്ദ്ര സർക്കാരിന്റെ നയംതന്നെ ഇപ്പോഴത്തെ കേന്ദ്രസർക്കാരും പിന്തുടരുന്നതായുള്ള കേന്ദ്ര സർക്കാരിന്റെ നയരേഖ പുറത്തുവന്നിട്ടുള്ളത് ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ;

(സി) എഫ്.ഡി.ഐ. സംസ്ഥാനത്തുവേണ്ട എന്ന നിലപാട് ഇപ്പോഴത്തെ കേന്ദ്ര സർക്കാരിനെ എഴുതി അറിയിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കേരളത്തിൽ ചില്ലറ വിപണന രംഗത്ത് നേരിട്ടുള്ള വിദേശ നിക്ഷേപം (FDI) അനുവദിക്കരുതെന്ന് കേന്ദ്ര സർക്കാരിനോട് അഭ്യർത്ഥിച്ചുകൊണ്ട് കേരള നിയമസഭ, 2012 ജൂലൈ 6-ാം തീയതി പ്രമേയം പാസ്സാക്കിയിട്ടുണ്ട്. ഈ പ്രമേയത്തിന്റെ പകർപ്പ് വ്യവസായ വകുപ്പ് മുൻ അഡീഷണൽ ചീഫ് സെക്രട്ടറി 1-9-2012-ലെ അർദ്ധ ഔദ്യോഗിക കത്ത് നം.3471/ജെ1/2012/വ്യവ: പ്രകാരം അനന്തര നടപടികൾ സ്വീകരിക്കുന്നതിനായി കേന്ദ്രസർക്കാരിന്റെ DIPP സെക്രട്ടറിയ്ക്ക് അയച്ചുകൊടുത്തിരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ഈ വിഷയം സംബന്ധിച്ച് സംസ്ഥാന സർക്കാരിന്റെ ഉറച്ച നിലപാട് ഇതിനകംതന്നെ കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുള്ള സാഹചര്യത്തിൽ ഇപ്പോഴത്തെ കേന്ദ്ര സർക്കാരിനെ വീണ്ടും അറിയിക്കേണ്ട സാഹചര്യം നിലവിലില്ല.

ക്വാറികളുടെ സ്ഥിതി വിവര കണക്കുകൾ

174(T*2163) ഡോ. ടി. എം. തോമസ് ഐസക്ക് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും വിവരസാങ്കേതികവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് അഞ്ച് ഹെക്ടറിൽ താഴെ വിസ്തൃതിയുള്ള ലൈസൻസോടുകൂടി പ്രവർത്തിക്കുന്ന എത്ര ക്വാറികളുണ്ടെന്ന് വിശദമാക്കാമോ ; ജില്ല തിരിച്ച് എണ്ണം വെളിപ്പെടുത്താമോ ;

(ബി) അഞ്ച് ഹെക്ടറിന് മുകളിൽ ലൈസൻസോടുകൂടി പ്രവർത്തിക്കുന്നവ എത്ര ;

(സി) ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളവ എത്ര ;

(ഡി) പാരിസ്ഥിതിക അനുമതി ഇല്ലാതെ പ്രവർത്തിച്ചുവരുന്ന എത്ര ക്വാറികളുടെ പ്രവർത്തനം നിർത്തിവെച്ചിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ;

(ഇ) ഈ സർക്കാരിന്റെ കാലത്ത് എത്ര ക്വാറികൾക്ക് ലൈസൻസ് നൽകിയിട്ടുണ്ട് ; ജില്ല തിരിച്ചുള്ള കണക്കുകൾ വ്യക്തമാക്കാമോ ?

'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു